സർക്കാർ മെഡിക്കൽ കോളേജ്

തിരുവനന്തപുരം, കേരളം - 695011

ഫോൺ:
(0471)2528855,2528055
www.tmc.kerala.gov.in
principalgmct@gmail.com
principalmct@gmail.com

എ4/3050/2025/GMCT 22-12-2025

## ഇ-ടെൻഡർ & ഇ-ലേല വിജ്ഞാപനം

**തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ 2025-2026 മുതൽ ഒരു വർഷ കാലയളവിൽ (കരാർ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷം) മിൽമ ബൂത്ത്/ ഷോപ്പ് നടത്തുന്നതിനുള്ള അവകാശത്തിനായുള്ള ഇ-ടെൻഡർ.**

**തിരുവനന്തപുരം** സർക്കാർ മെഡിക്കൽ കോളേജ് കാമ്പസ്സിൽ, കരാർ അടിസ്ഥാനത്തിൽ OP ബ്ലോക്ക് Entrance- ന് സമീപം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അടുത്തായുള്ള മിൽമ ഷോപ്പ്/ബൂത്ത് (180 ചതുരശ്ര അടി) നടത്തിപ്പിനായി അംഗീകൃത മിൽമ ഏജൻസികളിൽ (TRCMPU Thiruvananthapuram, Kollam, Pathanamthitta, Alappuzha) നിന്നും മത്സരസ്വഭാവമുള്ള ഇ-ടെൻഡർ & ഇ-ലേലം ക്ഷണിക്കുന്നു. ആവശ്യമായ രേഖകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**1. ടെൻണ്ടർ ഫീയും നിരതദ്രവ്യവും** :-

എസ്റ്റിമേറ്റ് തുക [ജി.എസ്സ്.റ്റി ഉൾപ്പെടെ]) : **രൂപ 30,000/-**
ദർഘാസ് വില : രൂപ 600/-
ദർഘാസിന്റെ വിൽപ്പന നികുതി : രൂപ 108/-
ആകെ : <u>രൂപ 708/-</u>
നിരതദ്രവ്യം : രൂപ 750/-

**2. ടെൻണ്ടറിന്റെ പ്രസക്തമായ തിയതികൾ** :-

| | |
|---|---|
| ഇ-ദർഘാസ് സമർപ്പിച്ച് തുടങ്ങാവുന്ന തീയതി : | e-tenders വെബ് സൈറ്റിലെ critical date സെക്ഷനിലെ സമയക്രമം പ്രകാരം |
| ഇ-ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : | |
| ടെക്നിക്കൽ ബിഡ് തുറക്കുന്ന തീയതിയും, സമയവും : | |
| ഫിനാൻഷ്യൽ ബിഡ് തുറക്കുന്ന തീയതി : | ടെക്നിക്കൽ ബിഡ് തുറന്ന ശേഷം etenders വെബ് സൈറ്റിൽ അറിയിപ്പ് നൽകുന്നതായിരിക്കും. |
| ഇ-ലേല പ്രക്രിയയുടെ തീയതി : | ഫിനാൻഷ്യൽ ബിഡ് തുറന്ന ശേഷം etenders വെബ് സൈറ്റിൽ അറിയിപ്പ് നൽകുന്നതായിരിക്കും. |

Dr Jabbar P K

PRINCIPAL

3. **ടെൻണ്ടർ സമർപ്പിക്കൽ**:-

ഇത് ദ്വി-കവർ **സംവിധാനത്തിലുള്ള ഇ-ടെൻഡർ ആണ് (etender). ടെൻഡർ ഡോക്യുമെന്റ് കേരള ഗവൺമെന്റിന്റെ ഇ-ടെൻഡർ പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യാം** (https://etenders.kerala.gov.in). ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർ കേരള സർക്കാർ ഇ-ടെൻഡർ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇ-ടെൻഡർ /ഇ-പ്രോക്യുർമെന്റ് പോർട്ടലിൽ ഓൺലൈനായി പൂരിപ്പിക്കുകയും പ്രസക്തമായ എല്ലാ അനുബന്ധ രേഖകളും സാക്ഷ്യപ്പെടുത്തി സ്കാൻ ചെയ്യുകയും അപ്‌ലോഡ് ചെയ്യുകയും വേണം.

സമർപ്പിക്കുന്ന ടെൻഡറിൽ താഴെ പറയുന്ന ഘടകങ്ങൾ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

**എ.** സാങ്കേതിക കവർ:- ടെൻഡർ സമർപ്പിക്കാൻ യോഗ്യതയുണ്ടെന്ന് കാണിക്കുന്ന രേഖകൾ ഉൾപ്പെടെ അനുബന്ധം 7 checklist-ലെ എല്ലാ രേഖകളും അപ്‌ലോഡ് ചെയ്തിരിക്കണം.

**ബി.** സാമ്പത്തിക കവർ:- excel ഫോർമാറ്റിലുള്ള BOQ-ൽ ടെൻഡർ അപേക്ഷകന്റെ പേരും, **മിൽമ ഷോപ്പ്** നടത്തിപ്പിനായി നൽകുവാൻ ഉദ്ദേശിക്കുന്ന GST ഉൾപ്പെടെയുള്ള **പ്രതിമാസ വാടക/ ലൈസൻസ് ഫീ** തുകയും രേഖപ്പെടുത്തേണ്ടതാണ്.

സാങ്കേതിക, സാമ്പത്തിക ടെൻഡറുകൾ എല്ലാ വിധത്തിലും പൂർണ്ണമായിരിക്കണം.

4. **ടെൻണ്ടറർമാർക്കുള്ള നിർദ്ദേശങ്ങൾ:**

ടെൻഡർ ഡോക്യുമെന്റുകളിലെ എല്ലാ നിർദ്ദേശങ്ങളും, വ്യവസ്ഥകളും, നിബന്ധനകളും, വിവരണങ്ങളും, ഫോമുകളും ടെൻഡർമാർ പരിശോധിക്കേണ്ടതാണ്. ടെൻഡർ ഡോക്യുമെന്റുകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും നൽകുന്നതിൽ പരാജയപ്പെടുകയോ ടെൻഡറിൽ ചേർത്തിരിക്കുന്ന രേഖകൾ സമർപ്പിക്കുകയോ ചെയ്യുന്നില്ലെങ്കിൽ, ആയത് ടെൻഡർ നിരസിക്കുവാൻ കാരണമാകും.

കരാർ പ്രകാരം ചെയ്യേണ്ടുന്ന ജോലികളുടെ സ്വഭാവം അറിയാനും സാഹചര്യങ്ങളും ചുറ്റുപാടുകളും മനസ്സിലാക്കാനുമായി മെഡിക്കൽ കോളേജ് കാമ്പസ്സ് സന്ദർശിക്കാവുന്നതാണ്. ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള സമയത്തിന് ശേഷം യാതൊരുവിധ വിശദീകരണങ്ങളും ലഭ്യമാവുന്നതല്ല.

a. ടെൻഡററുടെ ഭാഗത്തു നിന്നും വിശ്വസനീയവും പൂർണ്ണവുമായ വിവരങ്ങൾ നല്കുന്നതിലുള്ള വീഴ്ച്ച
   വിട്ടുപോകലുകളോ അയാളെ/സ്ഥാപനത്തെ യാതൊരു ഉത്തരവാദിത്തങ്ങളിൽ നിന്നും ബാധ്യത
b. ഇ-ടെൻഡറിൽ നൽകുന്ന വിവരങ്ങൾ പൂർണ്ണവും, പ്രസക്തവും, കൃത്യവുമായിരിക്കണം.
c. ഇ-
   ടെൻഡറിനൊപ്പം അപ്‌ലോഡ് ചെയ്യുന്ന എല്ലാ രേഖകളിലും അംഗീകൃത വ്യക്തിയോ അല്ലെങ്കിൽ
d. ഇ-ടെൻഡറിലെ എല്ലാ എൻട്രികളും പൂരിപ്പിച്ചതായിരിക്കണം.
   സമർപ്പിക്കുന്ന രേഖകളിൽ ഒഴിച്ചുകൂടാനാകാത്ത ഏതെങ്കിലും ഓവർറൈറ്റിംഗും കട്ടിംഗും ഉണ്ടെങ്കി
e. ഇ-
   ടെൻഡറിന്റെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്ത അപൂർണ്ണമായ ടെൻഡറുകൾ നിരാക
   മറ്റു ടെൻഡറെർമാരെ ഏതെങ്കിലും വിധേന ടെൻഡർ സമർപ്പിക്കുന്നതിൽ നിന്ന് തടയൽ, വഴിതെറ്റിക്കൽ, സ്വാധീനിക്കൽ, ഭീഷണിപ്പെടുത്തൽ എന്നിവ ടെൻഡർ നിരാകരിക്കുന്നതിനു മതിയായ കാരണമായിരിക്കും.
f. സോപാധിക ടെൻഡറുകൾ മറ്റു കാരണങ്ങൾ കൂടാതെ ഉടനടി നിരസിക്കപ്പെടുന്നതാണ്.

5. **നിരതരദ്രവ്യം** (Earnest Money Deposit - EMD):

a. ടെൻഡർ സമർപ്പിക്കുമ്പോൾ എസ്റ്റിമേറ്റ് തുകയുടെ 2.5% നിരക്കിൽ ടെണ്ടർമാർ നിരതരദ്രവ്യം (EMD) ഓൺലൈൻ ആയി അടക്കേണ്ടതാണ്. ഏതെങ്കിലും ഗവണ്മെന്റ് ഓർഡർ പ്രകാരം ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകള് സമര്പ്പിച്ചിരിക്കണം.
b. നിരതരദ്രവ്യം (EMD) ടെൻഡർ സാധുതാ കാലയളവ് അവസാനിച്ചതിന് ശേഷം 45 ദിവസം വരെ സാധുവായിരിക്കും.
c. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ടെൻഡറുമായി കരാറിൽ ഏർപ്പെടുന്ന സാഹചര്യത്തിൽ നിരതരദ്രവ്യം (EMD) etenders വെബ് സൈറ്റിലൂടെ അപേക്ഷകന് തിരികെ ലഭിക്കുന്നതായിരിക്കും .
d. താഴെപ്പറയുന്ന സാഹചര്യങ്ങൾ EMD നഷ്ടപ്പെടുവാനിടയാക്കും.
    1. ടെൻഡർ സമർപ്പിക്കാനുള്ള അവസാന സമയത്തിന് ശേഷം ബിഡ് പിൻവലിക്കുകയാണെങ്കിൽ.
    2. തെരഞ്ഞെടുക്കപ്പെടുന്ന ടെൻഡറർ നിശ്ചിത തിയ്യതിയിക്ക് മുമ്പ് കരാർ ഒപ്പിടുന്നതിൽ പരാജയപ്പെട്ടാൽ.
    3. ബിഡിൽ മാറ്റം വരുത്തുകയോ ടെൻഡറിന്റെ സാധുതാ കാലയളവിനുള്ളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തുകയോ ചെയ്താൽ.

6. **ടെൻഡർ പ്രമാണങ്ങളുടെ ഭേദഗതി:**

ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധിക്ക് മുമ്പ്, ഏതു സമയത്തും മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് സ്വയമേവയോ അല്ലെങ്കിൽ ഒരു ടെൻഡററെർ ആവശ്യപ്പെടുന്ന ഏതെങ്കിലും കാരണത്താലോ അല്ലെങ്കിൽ ഒരു ടെൻഡററെർ ആവശ്യപ്പെടുന്ന ഒരു വിശദീകരണത്തിന് മറുപടിയായോ, ഭേദഗതിയിലൂടെ ടെണ്ടർ രേഖകൾ പരിഷ്കരിക്കുകയും, ഭേദഗതികൾ പ്രസിദ്ധീകരിക്കുകയും ചെയ്യാം. ടെൻഡറെന്മാർക്ക് അത്തരം ഭേദഗതികൾ കണക്കിലെടുത്തു അവരുടെ ടെൻഡറുകൾ തയ്യാറാക്കുന്നതിന് സമയം അനുവദിക്കുന്നതിനു വേണ്ടി മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് ടെൻഡറുകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നീട്ടാനുള്ള അധികാരമുണ്ടായിരിക്കും.

7. **ടെൻഡറുകൾ തുറക്കൽ:**

പ്രസിദ്ധീകരിച്ച ടെൻഡർ വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ സാങ്കേതിക ബിഡ് തുറക്കും. ഈ തീയതി അവധിയായി പ്രഖ്യാപിച്ചാൽ ടെൻഡർ തുറക്കൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയം തന്നെ നടക്കും.

a. **ഒന്നാം ഭാഗം : സാങ്കേതിക ടെൻഡർ**: ടെൻഡറുകളുടെ / സ്ഥാപനത്തിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ വിശകലനം ചെയ്യുന്നതും അത് സംബന്ധിച്ച എല്ലാ രേഖകളും വിലയിരുത്തുന്നതുമാണ്. ടെൻഡർ ഡോക്യുമെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാന ആവശ്യകതകൾ പാലിക്കാത്ത ടെൻഡറെർമാരെ പ്രതികരിക്കാത്തവരായി കണക്കാക്കി നിരസിക്കുവാനോ അധിക രേഖകൾ ഹാജരാക്കുവാൻ ആവശ്യമുണ്ടെങ്കിൽ അ പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.
b. **രണ്ടാം ഭാഗം : സാമ്പത്തിക ടെൻഡർ**: ടെക്നിക്കൽ ടെൻഡർ ഭാഗം I - ൽ യോഗ്യതയുള്ളവരുടെ മാത്രം ഫിനാൻഷ്യൽ ബിഡുകൾ വെബ് സൈറ്റിൽ അറിയിച്ച നിശ്ചിത തീയതിയിലും സമയത്തും തുറക്കും.
c. **മൂന്നാം ഭാഗം : ഇ-ലേല പ്രക്രിയ** - "Tender cum Auction" നായുള്ള ബിഡ്ഡർമാർക്കുള്ള

നിർദ്ദേശങ്ങൾ www.etenders.kerala.gov.in എന്ന വെബ്സൈറ്റിലെ "Announcements" വിഭാഗത്തിൽ നൽകിയിരിക്കുന്നു. ഫിനാൻഷ്യൽ ബിഡ് തുറന്നതിനുശേഷം, ഇ-ലേലത്തിന്റെ അടിസ്ഥാന വില ടെൻഡർ ക്ഷണിക്കുന്ന അധികാരി നിശ്ചയിക്കുന്നതും, www.etenders.kerala.gov.in എന്ന വെബ് സൈറ്റിൽ അറിയിപ്പ് നൽകി ഇ-ലേലം നടത്തുന്നതുമാണ്. ഇ-ലേലത്തിന്റെ അടിസ്ഥാന വിലയ്ക്ക് മുകളിൽ സാമ്പത്തിക ബിഡ് രേഖപ്പെടുത്തിയ എല്ലാ ലേലക്കാർക്കും ഇ-ലേല പ്രക്രിയയിൽ പങ്കെടുക്കാം.

8. **വിജയിയായ ടെൻഡറർക്ക് കരാർ നൽകൽ**

a. ഫിനാൻഷ്യൽ ബിഡ് / ഇ-ലേല പ്രക്രിയ മൂല്യനിർണ്ണയത്തിൽ ടെൻഡർ കാലാവധിയിലേക്കുള്ള ഏറ്റവും ഉയർന്ന വാടക ക്വോട്ട് ചെയ്യുന്ന ടെണ്ടററെ കരാർ നടത്തിപ്പിനായി തെരഞ്ഞെടുക്കും.
b. വിജയിയായ ടെണ്ടററെ കൂടുതൽ ചർച്ചകൾക്കായി ബന്ധപ്പെടുന്നതായിരിക്കും.
c. തെരഞ്ഞെടുക്കപ്പെടുന്ന ടെൻഡറർ, കരാർ നടത്തിപ്പിനുള്ള ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 7 ദിവസത്തിനകം മുഴുവൻ കരുതൽ നിക്ഷേപവും ആർടിജിഎസ് വഴി ആശുപത്രി വികസന സമിതിയുടെ അക്കൗണ്ടിൽ അടക്കേണ്ടതും, 15 ദിവസത്തിനകം നിർദിഷ്ട മാതൃകയിൽ ആവശ്യമായ മൂല്യമുള്ള കേരളാ സ്റ്റാമ്പ് പേപ്പറിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.
d. ടെൻഡർ സ്വീകരിക്കുന്നതിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ അനുസൃതമായി എല്ലാ അർത്ഥത്തിലും കരാർ നടപ്പിലാക്കുന്നതിന് സേവന ദാതാവ് പൂർണ്ണമായും ഉത്തരവാദി ആയിരിയ്ക്കും.
e. കരാറിൽ ഏർപ്പെട്ടാൽ, തുടർച്ചയായ തൃപ്തികരമായ സേവനത്തിന് വിധേയമായി കരാർ നൽകുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് സാധുതയുള്ളതാണ് (എല്ലാ വർഷവും 10% വീതം വാടക പുതുക്കിക്കൊണ്ട്), ആയത് പരാജയപ്പെടുകയാണെങ്കിൽ, കരാർ റദ്ദ് ചെയ്യുന്നതിനുള്ള അവകാശം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

9. **കരുതൽ നിക്ഷേപം** (Performance Security)

a. തെരഞ്ഞെടുക്കപ്പെടുന്ന ടെൻഡറർ 3 മാസത്തെ വാടക/ ലൈസൻസ് ഫീ (GST ഉൾപ്പെടുന്ന തുക) മുൻകൂറായി കരുതൽ നിക്ഷേപമായി ഡിമാന്റ് ഡ്രാഫ്റ്റ് /ആർടിജിഎസ് വഴി മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.
b. കരുതൽ നിക്ഷേപമായി വാങ്ങുന്ന തുകയ്ക്ക് കരാർ ബാദ്ധ്യത അവസാനിച്ചതിനുശേഷം 60 ദിവസം വരെ സാധുത ഉണ്ടായിരിക്കുന്നതാണ്.
c. ടെൻഡർ കരാർ വ്യവസ്ഥകളുടെ ലംഘനം നടത്തിയാൽ കരുതൽ നിക്ഷേപം പൂർണ്ണമായോ ഭാഗികമായോ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണ്.

10. **കരാർ അവസാനിപ്പിക്കൽ:**

കരാറുകാരൻ നിശ്ചിത വ്യവസ്ഥകളിൽ ഏതെങ്കിലും പാലിക്കുന്നില്ലെങ്കിൽ, അല്ലെങ്കിൽ സേവനം തൃപ്തികരമല്ലെങ്കിൽ, കരാർ മുഴുവനായോ ഭാഗികമായോ എപ്പോൾ വേണമെങ്കിലും 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി അവസാനിപ്പിക്കാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും. വ്യവസ്ഥാപിത നിബന്ധനകളുടെയും വ്യവസ്ഥകളുടെയും പൂർണ്ണമായ ലംഘനത്തിന്റെ കാര്യത്തിൽ ഒരു അറിയിപ്പും നൽകാതെ, എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കാനുള്ള അവകാശവും മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

കരാറുകാരൻ കരാർ കൈമാറ്റം ചെയ്യുകയോ കരാറോ അതിന്റെ ഏതെങ്കിലും ഭാഗമോ കീഴ് കരാറോ

നൽകുകയോ ചെയ്യരുത്. കീഴ് കരാർ ചെയ്യുന്ന സാഹചര്യത്തിൽ കരാർ റദ്ദാക്കപ്പെടും.

മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും നിബന്ധനകൾ പാലിക്കാത്തതിനാൽ ഉണ്ടാകുന്ന എല്ലാ തർക്കങ്ങൾക്കും എല്ലാ കാര്യങ്ങളുടെയും നിയമപരമായ അധികാരപരിധി തിരുവനന്തപുരം ജില്ല മാത്രമായിരിക്കും.

11. **അഴിമതി, മറ്റ് വഞ്ചനാപരമായ നടപടികൾ:-**

ടെൻഡർ ചെയ്യുന്ന കാലയളവിലും കരാറുകൾ നടപ്പിലാക്കുന്ന സമയത്തും ടെൻഡർ ചെയ്യുന്നവർ/സേവന ദാതാക്കൾ ഉയർന്ന നിലവാരമുള്ള ധാർമ്മികത പാലിക്കണമെന്ന് ആവശ്യപ്പെടുന്നു. ഈ നയത്തിന് അനുസൃതമായി, മെഡിക്കൽ കോളേജ് ഈ വ്യവസ്ഥയുടെ ആവശ്യങ്ങൾക്കായി, ഇനിപ്പറയുന്ന വ്യവസ്ഥകൾ നിർവചിക്കുന്നു:

a. "അഴിമതി" എന്നാൽ വാങ്ങൽ പ്രക്രിയയിലോ, കരാർ നിർവ്വഹണത്തിലോ ഒരു പൊതു ഉദ്യോഗസ്ഥന്റെ പ്രവർത്തനത്തെ സ്വാധീനിക്കുന്നതിനായി മൂല്യവത്തായ എന്തെങ്കിലും വാഗ്ദാനം ചെയ്യുക, നൽകുക, സ്വീകരിക്കുക അല്ലെങ്കിൽ അഭ്യർത്ഥിക്കുക.
b. “വഞ്ചനാപരമായ രീതികൾ” എന്നാൽ തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജിനെ ദോഷകരമായി ബാധിക്കുന്ന ഒരു സംഭരണ പ്രക്രിയയെയോ കരാർ നടപ്പിലാക്കുന്നതിനെയോ സ്വാധീനിക്കുന്നതിനായി വസ്തുതകളെ തെറ്റായി പ്രതിനിധീകരിക്കുന്നതിനെ അർത്ഥമാക്കുന്നു,
c. കൂടാതെ, ടെൻഡറർമാർക്കിടയിൽ ഒത്തുകളി പോലെയുള്ള കൃത്യങ്ങൾ രൂപകൽപന ചെയ്ത് ടെൻഡർ പ്രക്രിയയെത്തന്നെ സ്വാധീനിക്കാനും മത്സരസ്വഭാവം ഒഴിവാക്കി (ടെൻഡർ സമർപ്പിക്കുന്നതിന് മുമ്പോ ശേഷമോ) സ്വതന്ത്രവും തുറന്നതുമായ മത്സരത്തിന്റെ ആനുകൂല്യങ്ങൾ ആശുപത്രിക്ക് നഷ്ടപ്പെടുത്തുക തുടങ്ങിയവ. ഇങ്ങനെ ഒരു വ്യക്തി/സ്ഥാപനം അഴിമതിയോ വഞ്ചനാപരമോ ആയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് എപ്പോഴെങ്കിലും കണ്ടെത്തുകയാണെങ്കിൽ ടി വ്യക്തിയെ/സ്ഥാപനത്തെ അനിശ്ചിത കാലത്തേക്കോ പ്രസ്താവിച്ച കാലയളവിലേക്കോ അയോഗ്യനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
d. സമ്മർദ്ദ തന്ത്രങ്ങൾ: ടെൻഡർ പ്രക്രിയയിൽ പങ്കാളിത്തം ഉറപ്പിക്കുന്നതിനോ, സ്വാധീനിക്കുന്നതിനോ, കരാർ നടപ്പിലാക്കുന്നതിനെ ബാധിക്കുന്ന രീതിയിൽ വ്യക്തികളെയോ വസ്തുവകകളെയോ ഉപദ്രവിക്കുകയോ നേരിട്ടോ അല്ലാതെയോ, ഭീഷണിപ്പെടുത്തുകയോ ചെയ്യുക.

12. **ടെൻഡറിലെ/കരാറിലെ ഏതെങ്കിലും നിബന്ധനകളും വ്യവസ്ഥകളും പരിഷ്കരിക്കുന്നതിനും ഇളവ് വരുത്തുന്നതിനും പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും.**

**പ്രിൻസിപ്പാൾ**

**തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ്**

**അനുബന്ധം 1**

**ടെൻഡറിൽ പങ്കെടുക്കാനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ**

1. ടെൻഡറിൽ പങ്കെടുക്കുന്നവർ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ കീഴിൽ വരുന്ന ഏതെങ്കിലും അധികാര സ്ഥാപനങ്ങൾ നിഷ്കർഷിച്ചിരിക്കുന്ന 'അഴിമതിയോ വഞ്ചനാപരവുമായ' പ്രവർത്തനങ്ങളിൽ
പങ്കുചേർന്നവരോ അയോഗ്യത കല്പിക്കപ്പെട്ടിട്ടുള്ളവരോ ആകാൻ പാടില്ലാത്തതാണ്. ഇത് ഉറപ്പ് വരുത്തുന്നതിനായി അനുബന്ധം 4 ലെ സത്യവാങ്മൂലം ഒപ്പിട്ട ശേഷം ടെൻഡറിനോടൊപ്പം അപ്‌ലോഡ് ചെയ്യണം.
2. ടെൻഡറിനോടൊപ്പം 200/- രൂപയുടെ മുദ്രക്കടലാസിൽ ടെൻഡണർ പ്രകാരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഉന്നയിക്കുന്നതുമായ നിബന്ധനകൾ നിരുപാധികം പാലിച്ചുകൊള്ളാമെന്ന് സമ്മതിക്കുന്ന ഒരു പ്രാഥമിക കരാർ ഉടമ്പടി ടെൻഡർ നൽകുന്ന വ്യക്തി ഒപ്പിട്ട് ടെണ്ടറിനോടൊപ്പം അപ്‌ലോഡ് ചെയ്യണം.

**അനുബന്ധം 2**

**ടെൻഡറിന്റെ പൊതു നിബന്ധനകളും വ്യവസ്ഥകളും** : -

1. മൂന്ന് വർഷത്തെ കാലാവധിക്കാണ് മിൽമ ബൂത്ത് നടത്തുന്നതിന് അനുവദിക്കുന്നത്. ഒന്നാം വർഷം കഴിഞ്ഞുള്ള ഓരോ വർഷവും 10% വർദ്ധനവ് വാടക ഇനത്തിൽ ഉണ്ടായിരിക്കുന്നതാണ്.
2. മിൽമ ബൂത്തിന്റെ നടത്തിപ്പിന്റെ പ്രതിമാസ അടിസ്ഥാന വാടക/ ലൈസൻസ് ഫീ **30,000/- രൂപയാണ്** നിലവിൽ നിശ്ചയിച്ചിരിക്കുന്നത്. ഏറ്റവും ഉയർന്ന പ്രതിമാസ തുക ടെൻഡറിൽ/ ലേലത്തിൽ രേഖപ്പെടുത്തുന്ന വ്യക്തിക്ക് ടി സ്ഥാപനം അനുവദിക്കുന്നതായിരിക്കും.
3. അടിസ്ഥാന തുകയേക്കാൾ കുറഞ്ഞ തുക രേഖപ്പെടുത്തി എന്ന കാരണത്താൽ ടെൻഡർ നിരസിക്കപ്പെടുകയില്ല. പക്ഷേ അടിസ്ഥാന തുകയേക്കാൾ കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെൻഡറിന്റെ തുടർപരിഗണന, ടെൻഡർ ക്ഷണിക്കുന്ന അധികാരിയുടെ വിവേചനാധികാരം അനുസരിച്ചായിരിക്കും.
4. കമ്പനിയുടെ/ഏജൻസിയുടെ പ്രൊഫൈൽ (ഹ്രസ്വവിവരണം): അനുബന്ധം 5-ൽ നൽകിയിരിക്കുന്ന മാതൃകയ്ക്ക് അനുസൃതമായിരിക്കണം.
5. എല്ലാ നിബന്ധനകളും പാലിച്ചിരിക്കുന്ന ബിഡ്ഡർമാരുടെ സാമ്പത്തിക ബിഡ് മാത്രമേ തുറക്കുകയുള്ളൂ.
6. ബിഡിന്റെ കാലാവധി ടെൻഡർ തുറക്കുന്ന തീയതി മുതൽ 120 ദിവസങ്ങളായിരിക്കും.
7. തിരുവനന്തപുരം ഗവ: മെഡിക്കൽ കോളേജിൽ മുൻകാലങ്ങളിൽ കരാറിൽ ഏർപ്പെട്ട് കരാർ തുകയിൽ കുടിശ്ശിക വരുത്തുകയോ ഏതെങ്കിലും രീതിയിലുള്ള കരാർ ലംഘനം നടത്തുകയോ ചെയ്തിട്ടുള്ള വ്യക്തികൾ /സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കാൻ പാടുള്ളതല്ല. പങ്കെടുക്കുന്ന പക്ഷം അവരെ അയോഗ്യരായി കണക്കാക്കി അവരുടെ ടെൻഡറുകൾ പരിഗണിക്കുന്നതല്ല.
8. പ്രാരംഭ സൂക്ഷ്മപരിശോധനയിൽ ഒരു ടെൻഡർ പ്രതികരിക്കാത്തതായി പ്രഖ്യാപിക്കപ്പെടുകയും നിരസിക്കപ്പെടുകയും ചെയ്യുന്ന പ്രധാനപ്പെട്ട ചില പോയിന്റുകൾ ഇനിപ്പറയുന്നവയാണ്:
    a. അനുബന്ധം 7 ലെ എല്ലാ സർട്ടിഫിക്കറ്റുകളും അപ്‌ലോഡ് ചെയ്തിട്ടില്ല.
    b. ടെൻഡർ ശരിയായി അപ്‌ലോഡ് ചെയ്യാത്തതും വായിക്കാനാകുന്ന ഫോർമാറ്റിൽ ആകാതിരിക്കുകയും.
    c. ആവശ്യമായ തുകയുടെ ഇ.എം.ഡി ഇല്ല.
    d. തന്റെ പേരിൽ ടെൻഡറിൽ ഒപ്പിടാൻ അധികാരപ്പെടുത്തിയ വ്യക്തിയുടെ മുഴുവൻ

വിവരങ്ങളും നല്കാതിരിക്കൽ.

9. ടി സ്ഥാപനം നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്നവർ മൂന്ന് (3) മാസത്തെ വാടക/ ലൈസൻസ് ഫീ കരുതൽ നിക്ഷേപമായി ഒടുക്കേണ്ടതാണ്. കരാർ കാലാവധി കഴിയുന്ന മുറയ്ക്കു ഈ തുക തിരികെ നല്കുന്നതാണ്.
10. ടെൻഡറിൽ കരാർ അനുവദിക്കുന്ന വ്യക്തി ടെൻഡറിൽ നിന്ന് പിന്മാറുന്ന സാഹചര്യത്തിൽ ടി വ്യക്തിയെ അടുത്ത മൂന്നുവർഷത്തേക്ക് ഈ സ്ഥാപനത്തിൽ നിന്നും വിളിക്കുന്ന ടെൻണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും അയോഗ്യത കല്പിക്കുന്നതിനും, ബ്ലാക്ക് ലിസ്റ്റ് ചെയ്യിക്കുന്നതും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

–

<u>**അനുബന്ധം 3**</u>

**കരാറിന്റെ പൊതു നിബന്ധനകളും വ്യവസ്ഥകളും** : -

1. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ ഉള്ള ടി ആർ സി എം പി യു (TRCMPU) അഥവാ മിൽമയുടെ ഏജന്റായി പ്രവർത്തിക്കുന്ന ആളുകൾക്ക് മാത്രമേ ഈ ടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ കഴിയുകയുള്ളൂ.
2. തെരഞ്ഞെടുക്കപ്പെടുന്ന ടെൻഡറർ കരാർ നടത്തിപ്പിനുള്ള ഉത്തരവ് ലഭിക്കുന്ന (തപാൽ വഴിയോ ഇമെയിൽ വഴിയോ ഏതാണോ ആദ്യം) മുറയ്ക്ക് 7 ദിവസത്തിനകം മുഴുവൻ കരുതൽ നിക്ഷേപവും ഡി.ഡി. വഴി പ്രിൻസിപ്പാലിന്റെ അക്കൗണ്ടിൽ അടക്കേണ്ടതും 15 ദിവസത്തിനകം പ്രിൻസിപ്പാളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.
3. കരാർ ഒപ്പിടുന്ന തീയതി മുതൽ **1 വർഷം** ആയിരിക്കും ടി സ്ഥാപനം നടത്തിപ്പിന്റെ കാലാവധി. ടി ദിവസം തന്നെ സ്ഥാപനം പ്രവർത്തനം ആരംഭിക്കാവുന്നതാണ്.
4. കരാർ ഒപ്പിടുന്ന തീയതി ആദ്യ മാസത്തെ വാടക/ ലൈസൻസ് ഫീ മുൻകൂറായി അടക്കേണ്ടതാണ്. കരാർ ഒപ്പിടുന്ന തീയതി മുതൽ ഓരോ മാസവും പൂർത്തയാകുന്ന നിശ്ചിത തീയതിക്ക് അടുത്ത മാസത്തെ വാടക/ ലൈസൻസ് ഫീ മുൻകൂറായി അടക്കേണ്ടതാണ്.
5. പ്രതിമാസ വാടക/ ലൈസൻസ് ഫീ അടക്കുന്നതിന് 10 ദിവസം അധിക സമയം അനുവദിക്കുന്നതാണ്.
6. ഓരോ മാസവും പൂർത്തിയാകുന്ന നിശ്ചിത തീയതി മുതൽ 10 (പത്ത്) ദിവസങ്ങൾക്കുള്ളിൽ വാടക / ലൈസൻസ് ഫീ അടച്ചില്ലെങ്കിൽ പ്രതിദിനം 200 (ഇരുനൂറ്) രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്. ഉദാഹരണത്തിന് 2025 നവംബർ 8 ന് ആദ്യ മാസത്തെ വാടക/ ലൈസൻസ് ഫീ അടച്ച് കരാർ ഒപ്പിടുന്ന സാഹചര്യത്തിൽ, 2025 ഡിസംബർ 18 നകം രണ്ടാമത്തെ വാടക / ലൈസൻസ് ഫീ അടച്ചില്ലെങ്കിലോ അടുത്ത 10 മാസവും 18 ആം തിയതിക്കകം തുടർന്നുള്ള വാടക / ലൈസൻസ് ഫീ അടച്ചില്ലെങ്കിലോ, ഓരോ മാസത്തെ സമയം തെറ്റിയ പേയ്മെന്റിനും പ്രതിദിനം 200 (ഇരുനൂറ്) രൂപ നിരക്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ്.
7. സമയം തെറ്റിയ പേയ്മെന്റിന് പിഴ അടയ്ക്കേണ്ട നിശ്ചിത തീയതി മുതൽ 10 (പത്ത്)

ദിവസങ്ങൾക്കുള്ളിൽ വാടക അടയ്ക്കാത്ത സാഹചര്യത്തിൽ കരാറുകാരന് കാരണം കാണിക്കൽ കരാർ അവസാനിപ്പിക്കുന്നതിനും ഉൾപ്പെടെയുള്ള ശിക്ഷ നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. കരാറുകാരന്റെ വീഴ്ച മൂലം കരാർ കാലയളവിൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെയ്ക്കേണ്ട സാഹചര്യമുണ്ടായാൽ പ്രസ്തുത കാലയളവിലെ വാടകയും പ്ര് നിശ്ചയിക്കുന്ന നഷ്ടപരിഹാരവും അടക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
9. മിൽമബൂത്ത് നിലവിൽ എങ്ങനെ ആണോ ആ നിലയിൽ ആയിരിക്കും കരാറുകാരന് കൈമാറുന്ന is where is" basis).
10. മിൽമ ബൂത്തിന് അനുവദിച്ച നൽകിയിട്ടുള്ള സ്ഥലത്തിനു പുറത്ത് യാതൊരു വിധ പ്രവർത്തനങ്ങളോ നിർമ്മാണങ്ങളോ മറ്റോ നടത്താൻ കരാറുകാരന് അനുവാദവും അവകാശവും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ പരസ്യം സംബന്ധിച്ച് ബോർഡുകൾ, പെയ്ന്റ് എന്നിവ ചെയ്യാവുന്നതാണ്.
11. മിൽമ ബൂത്തിന്റെ നിലവിലുള്ള ഘടനയിൽ (Building fixtures & fittings) യാതൊരു വിധ മാറ്റങ്ങളും വരുത്തുവാൻ പാടില്ല. എന്നിരുന്നാലും പ്രിൻസിപ്പാളിന്റെ അനുമതിയോടു കൂടി ഘടനയിലെ താത്കാലികമായ മാറ്റം വരുത്താവുന്നതാണ്.
12. മിൽമ ബൂത്തിനായി വിട്ടുകൊടുത്ത കെട്ടിടം കേടു കൂടാതെ സൂക്ഷിക്കേണ്ടതാണ്.
13. പ്രസ്തുത ഷോപ്പിൽ മിൽമ ഉൽപ്പന്നങ്ങൾക്ക് പുറമേ പാക്ക് ചെയ്ത ഭക്ഷണ വസ്തുക്കളും വിൽക്കാവുന്നതാണ്.
14. മിൽമയുടെ ഉൽപ്പന്നങ്ങൾ പ്രസ്തുത ഷോപ്പിൽ വിൽക്കാത്ത സാഹചര്യം സംജാതമായാൽ കരാർ ഏകപക്ഷീയമായി റദ്ദാക്കുന്നതാണ്.
15. പാക്ക് ചെയ്ത ഭക്ഷണം വിൽക്കുന്നതിന് ആവശ്യമായ എഫ് എസ് എസ് എ ഐ (FSSAI) ലൈസൻസ് കോർപ്പറേഷനിൽ നിന്നും ആവശ്യമായ അനുമതികൾ എന്നിവ ലേലം ലഭിക്കുന്ന മിൽമ ഏജൻറ് സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ നേടേണ്ടതാണ്.
16. പ്രസ്തുത ഷോപ്പിന് ആവശ്യമായ മിൽമയുടെ ബ്രാൻഡിംഗ് ഏജൻറ് സ്വന്തം ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. പകലും രാത്രിയും മിൽമയുടെ പരസ്യം കാണത്തക്ക രീതിയിൽ ബോർഡ് ഡിസൈൻ ചെയ്ത ഘടിപ്പിക്കേണ്ടതാണ്.
17. ഷോപ്പിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയമപ്രകാരം തരംതിരിച്ച് സൂക്ഷിക്കേണ്ടതും ആയത് കോർപ്പറേഷൻ ഏർപ്പെടുത്തിയിട്ടുള്ള ഏജൻസികൾക്ക് നൽകേണ്ടതുമാണ്.
18. 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് ഷോപ്പിന് അനുമതി ഉണ്ടായിരിക്കുന്നതാണ്, എന്നാൽ പൊതുവഴിയിലേക്ക് തുറന്നിരിക്കുന്ന ഷോപ്പ് ആയതിനാൽ കാലാകാലങ്ങളിൽ നിയമ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന എല്ലാത്തരം നിയന്ത്രണങ്ങളും ഷോപ്പിന് ബാധകമായിരിക്കും.
19. ഷോപ്പിനുള്ളിൽ വൈദ്യുതിയോ ഗ്യാസ് മറ്റ് ഇതര വസ്തുക്കളോ ഉപയോഗിച്ച് യാതൊരു തരത്തിലുമുള്ള പാചകം അനുവദനീയമല്ല.
20. ഷോപ്പിനുള്ളിൽ പ്രിൻസിപ്പാൾ ഓഫീസിൽ നിന്നും അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് ഏത് സമയവും മുന്നറിയിപ്പില്ലാതെ പരിശോധിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
21. ഷോപ്പിനു മുന്നിലൂടെയുള്ള നടപ്പാതയ്ക്ക് തടസ്സം വരാത്ത രീതിയിൽ മാത്രമേ കച്ചവട പ്രവർത്തനങ്ങൾ പാടുള്ളൂ.
22. ഷോപ്പിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി ഉപയോഗിക്കുന്നതിന് വയറിങ്/ ഉപകരണങ്ങൾ എന്നിവ ലേലം ലഭിക്കുന്നയാൾ സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.
23. ഷോപ്പ് ആകർഷകമാക്കുന്നതിനായി മോടിപിടിപ്പിക്കൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലേലം കൊള്ളുന്നയാൾക്ക് അനുമതി ഉണ്ടായിരിക്കുന്നതാണ്.

24. മിൽമ ബൂത്തിന് ഞായറാഴ്ചകളും അവധി ദിവസങ്ങളും ഉൾപ്പെടെ എല്ലാ ദിവസങ്ങളിലും തുറന്ന് പ്രവർത്തിക്കേണ്ടതാണ്.
25. കരാർ ഡോക്യുമെന്റ് സംബന്ധിച്ചുള്ള നിയമാനുസൃതമായ രജിസ്ട്രേഷൻ തുടങ്ങിയ എല്ലാ കാര്യങ
26. കരാർ ലഭിച്ച് നാല്പ്പത്തിയഞ്ച് ദിവസത്തിനകം മിൽമ ബൂത്തിന്റെ നടത്തിപ്പിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം അനുവദിക്കുന്ന ലൈസൻസും, ഭക്ഷ്യ സുരക്ഷാ കമ്മീഷൻ അനുവദിക്കുന്ന ലൈസൻസും, കരാറുകാരൻ സ്വന്തം ഉത്തരവാദിത്വ ഫയർ & സേഫ്റ്റി ഉൾപ്പെടെ മിൽമ ബൂത്ത് നടത്തിപ്പിനാവശ്യമായ മറ്റ് ലൈസൻസുകളോ നിയമപരമായ മറ്റ് നടപടികളോ പൂർത്തി
27. മിൽമ ബൂത്തിലേക്കുള്ള വൈദ്യുതിയും ജലവും കരാറുകാരൻ സ്വന്തം ചെലവിൽ ശരിയാക്കേണ്ടതും, സമയാസമയങ്ങളിലുള്ള വൈദ്യുതി ബില്ലുകൾ അടച്ച രസീതുകൾ യഥാസമയം ഓഫീസിൽ സമ
28. മിൽമ ബൂത്തിൽ ഉപയോഗിക്കുന്ന ലൈറ്റുകൾ / ഫ്യൂസ് / ചോക്കുകൾ / മോട്ടോറുകൾ/ഇലക്ട്രിക്കൽ സോക്കറ്റുകൾ മുതലായവയുടെ പരിപാലനം കരാർ കാലാവധി വരെ അത്തരത്തിലുള്ള എല്ലാ അറ്റകുറ്റപ്പണികളും കരാറുകാരൻ സ്വന്തം ചെലവിൽ ചെയ്യണം കൂടാതെ
29. കരാറിൽ നൽകിയിട്ടുള്ള സൗകര്യങ്ങൾ ശരിയായ രീതിയിൽ പരിപാലിക്കേണ്ടത് കരാറുകാരന്റെ
30. സ്റ്റാഫ്/ പേഴ്സണൽ:
    a. പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് ലഭിച്ച ജീവനക്കാരെ മാത്രമേ ഇവിടെ നിയോഗിക്കാൻ പാടുള്ളൂ.
    b. കരാറുകാരൻ തന്റെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിയമപ്രകാരമുള്ള ഹെൽത്ത് കാർഡ് ഉറ ഇവ നിശ്ചിത കാലയളവിൽ പുതുക്കേണ്ടതുമാണ്. ജീവനക്കാർക്ക് നിശ്ചിത കാലയളവിൽ ആരോഗ്യ പരിശോധനയും ഉറപ്പ് വരുത്തേണ്ടതാ
    c. ജീവനക്കാർ എല്ലാ പ്രതിരോധ വാക്സിനേഷനുകൾ എടുക്കേണ്ടതും അതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.
    d. നിയമാനുസൃത മാനദണ്ഡങ്ങൾക്കും നിലവിലുള്ള നിരക്കുകൾക്കും അനുസൃതമായി തന്റെ സ്റ്റാഫ് അംഗങ്ങ കരാറുകാരന്റെ ജീവനക്കാരുമായി ബന്ധപ്പെട്ട നിയമപരമായ ബാധ്യതകൾ സംബന്ധിച്ച മെഡിക്കൽ കോളേജ് അധികൃതർ ഒരു തരത്തിലും ഉത്തരവാദികളായിരിക്കുന്നതല്ല.
    e. കാലാകാലങ്ങളിൽ ഭേദഗതി വരുത്തുന്ന തൊഴിൽ നിയമവും ബന്ധപ്പെട്ട മറ്റെല്ലാ ബാധക
    f. കരാറുകാരൻ പ്രായപൂർത്തിയായ തൊഴിലാളികളെ മാത്രമെ ജോലിക്കായി നിയോഗിക്കാവൂ. ബാലവേലക്കാരെ നിയമിക്കുന്നത് കരാർ അവസാനിപ്പിക്കുന്നതിലേക്ക് നയിക്കും.
31. **ഗുണനിലവാരമില്ലാത്ത ആഹാരപദാർത്ഥങ്ങൾ വിൽക്കുന്നതു മൂലമോ മറ്റേതെങ്കിലും അശ്രദ്ധമൂലമോ ഭക്ഷ്യവിഷബാധയോ മറ്റേതെങ്കിലും അപകടമോ ഉണ്ടായാ ബാധിതരായ വ്യക്തികൾക്കും ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും സിവിൽ / ക്രിമിനൽ ബാധ്യതക്കും നിയമനടപടികൾക്കും അനന്തരഫലങ്ങൾക്കും കരാറുകാരൻ മാത്രമായിരി മെഡിക്കൽ കോളേജ് അധികൃതർക്ക് ഇക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.**

32. ഏതെങ്കിലും സന്ദർഭത്തിൽ ഭക്ഷ്യസുരക്ഷവകുപ്പോ, പ്രാദേശിക ഭരണകൂടമോ മിൽമ ബൂത്ത് അടച്ചുപൂട്ടാൻ ആവശ്യപ്പെട്ടാൽ അത്തരം അപാകതകൾ പരിഹരിക്കേണ്ടതിന്റെ ചെലവ് കരാറുക
33. മിൽമ ബൂത്തിൽ ലഹരി പദാർത്ഥങ്ങളുടെയും വസ്തുക്കളുടെയും വില്പനയും, സംഭരണവും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
34. മിൽമബൂത്ത് നടത്തുന്നതിനുള്ള എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്. മോഷണം, പൊള്ളൽ, തീ, വൈദ്യുതാഘാതം തുടങ്ങിയ സംഭവങ്ങളിൽ ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ആയത് മൂലമുള്ള ന മെഡിക്കൽ കോളേജ് അധികൃതർ ബാധ്യസ്ഥരായിരിക്കുന്നതല്ല.
35. മിൽമ ബൂത്തും പരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കേണ്ടതും പ്രവർത്തനത്തിന്റെ ഭാഗമായുണ്ടാ പാഴ് വസ്തുക്കളും, മറ്റ് മാലിന്യങ്ങളും അതാത് സമയങ്ങളിൽ തന്നെ സ്വന്തം ചെലവിൽ നിർമാർജ്ജനം/ നീക്കം ചെയ്യുന്നതിനുള്ള ബാധ്യത കരാറുകാരിൽ നിക്ഷിപ്തമാണ്.
36. മിൽമ ബൂത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ അളവും ഗുണനിലവാരവും പരിശോധിക്കുന്നതിനും, മുന്നറിയിപ്പില്ലാതെ പരിശോധനകൾ നടത്തുന്നതിനും പ്രിൻസിപ്പാളിനോ പ്രിൻസിപ്പാൾ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ/ഇൻസ്പെക്ഷൻ ടീമിനോ അധികാരം ഉണ്ടായിരിക്കും. കൂടാതെ ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം, ശരിയായ വൃത്തിയാക്കൽ, പാചകം, വിതരണം ചെയ്യൽ എന്നിവ പരിശോധിക്കുന്നതിനും പ്രിൻസിപ്പാൾ ഉത്തരവാദിത്തപ്പെട്ട ജീവനക്കാരെ നിയോഗിക്കും. പ്രിൻസിപ്പാളിന്റെ/കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഗുണ നിലവാരം തൃപ്തികരമാക്കാൻ കരാറുകാര
37. കരാറുകാരൻ മൂലം മിൽമ ബൂത്തിൽ നിന്നും ഭക്ഷ്യ ഉല്പന്നങ്ങൾ വാങ്ങുന്നതിൽ രോഗികൾക്കോ, കൂട്ടിരിപ്പുകാർക്കോ, ജീവനക്കാർക്കോ അധിക ചെലവ് സംഭവിക്കുകയാണെങ്കി അധികൃതർക്ക് ബദൽ ക്രമീകരണങ്ങ
38. കരാറുകാരൻ കരാർ കൈമാറ്റം ചെയ്യുകയോ കരാറോ അതിന്റെ ഏതെങ്കിലും ഭാഗമോ കീഴ് കരാർ നൽകുകയോ ചെയ്യുവാൻ പാടില്ല.
39. കരാർ കാലയളവിൽ സർക്കാർ വസ്തുവകകളിൽ എന്തെങ്കിലും നാശനഷ്ടങ്ങൾ വരുത്തിയാൽ അ കരുതൽ നിക്ഷേപം തികയാതെ വരുന്ന പക്ഷം റവന്യൂ റിക്കവറി പോലുള്ള നടപടിക്രമങ്ങൾ സ്വീ
40. കരാറിന്റെ കാലാവധി അവസാനിക്കുമ്പോഴോ ഏതെങ്കിലും കാരണത്താൽ മിൽമ ബൂത്തിന്റെ പ്രവർത്തനം നിർത്താൻ ആവശ്യപ്പെടുകയോ ചെയ്യുമ്പോൾ കരാറുകാരൻ മിൽമ ബൂത്തിൽ നിന്ന് ഒഴിയുകയും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൈമാറുകയും ചെയ്യണം. നിശ്ചിത തീയ്യതിയിൽ മിൽമ ബൂത്ത് പരിസരം ഒഴിയുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടാൽ, ദിവസേന 2,500/- രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) എന്ന നിരക്കിൽ നാശനഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കും.
41. കരാർ കാലയളവിൽ മിൽമ ബൂത്തിന്റെ പ്രവർത്തനം നിർത്തി വെയ്ക്കാൻ പാടുള്ളതല്ല. അപ്രകാരം സംഭവിക്കുകയാണെങ്കിൽ പ്രിൻസിപ്പാൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരവും പ്രസ്തുത കാലയളവിലെ വാടകയും അടക്കുവാൻ ക
42. കരാർ ലംഘനമുണ്ടായാൽ നാശനഷ്ടങ്ങൾ വീണ്ടെടുക്കുന്നതിന് അറിയിപ്പ് കാലയളവ് കൂടാതെ (

**43.** മേൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയോ മിൽമ ബൂത്ത് പ്രവർത്തനം തൃപ്തികരമല്ലെന്ന് കാണുകയോ ചെയ്താൽ കരാർ കാലാവധിക്കു മുൻപ് നോട്ടീസ് നല്കി കരാർ അവസാനിപ്പിക്കുന്നതിന് പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**44.** കരാർ കാലാവധി തീരുന്ന മുറക്ക് പുതിയ ടെൻഡർ നടപടികൾ പൂർത്തീകരിച്ചില്ലെങ്കിൽ ആയത് പ്രിൻസിപ്പാളിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**45.** തെരഞ്ഞെടുക്കപ്പെടുന്ന കോൺട്രാക്ടർ 200 രൂപയുടെ മുദ്രപത്രത്തിൽ മേൽ വ്യവസ്ഥകൾ സ്വീകരിച്ചതായി എഴുതി നൽകേണ്ടതാണ്.

<u>**അനുബന്ധം 4**</u>

**<u>DECLARATION</u>**

1. I, __________________________ Son/Daughter/Wife of Shri ___________________ Signatory of the ________________________ (name of the applicant), is competent to sign this declaration and execute this tender document.

2. I have carefully read and understood tender documents, all the terms & conditions and undertake to abide by them. In case, if I fail to complete the service/work/supply the goods within stipulated time schedule, the penalty shall be levied as per contract condition.

3. There is neither any vigilance/ CBI case/ Police Case or court case pending against the firm or the firm has been black listed debarred/penalized by any Government or private organization. The firm has not been declared ineligible due to corrupt/ coercive/ fraudulent practices by any organization of any State Government or Government of India.

4. The information/documents furnished along with the above application are true and authenticate to the best of my knowledge and belief. I am aware of the fact that furnishing of any false information/fabricated document would lead to rejection of my tender at any stage besides liabilities towards prosecution under appropriate law.

Dated Signature of the authorised

signatory of the Tenderer with his/her name

and designation and seal of the Firm

-

-

-

<u>അനുബന്ധം 5</u>

Proforma for Technical Bid – Applicant profile

| Sl No | Particulars | To be filled in by the tenderer |
|---|---|---|
| 1 | Name of applicant | |
| 2 | Full Postal Address of with Telephone No, Mobile No. & E-Mail | |
| 3 | Registration Details | |
| | 1. PAN No, if available | |
| | 2. GST Registration No, if available | |

Date Signature

Place Seal of the Firm Name and Designation

–

–

–

അനുബന്ധം 6

AGREEMENT

AGREEMENT Articles of agreement executed on this day ................ (Date) between the Governor of Kerala (hereinafter referred to as "the Government") of the one part and Shri........................ .......................................................................................... ......................................................(H.E. name and address of the tenderer) (hereinafter referred to as "the bounden") of the other part.

WHEREAS in response to the Notification No...........................................................,  the bounden has submitted to the Government a tender for the running of Milma Booth/Shop in Thiruvananthapuram Medical College Campus, subject to the terms and conditions contained in the said tender.

WHEREAS the bounden has also deposited with the Government a sum of ................. as earnest money for execution of an agreement undertaking the due fulfillment of the contract in case his tender is accepted by the Government.

NOW THESE PRESNTS WITNESS and it is hereby mutually agreed as follows:

1. In case the tender submitted by the bounden is accepted by the Government and the contract for is awarded to the bounden, the bounden shall within 15 days of acceptance of his tender execute an agreement with the Government incorporating all the terms and conditions under which the Government accepts his tender.

2. In case the bounden fails to execute the agreement as aforesaid incorporating the terms and conditions governing the contract, the Government shall have power and authority to recover from the bounden any loss or damage caused to the Government by such breach as may be determined by the Government by appropriating the earnest money deposited by the bounden and if the earnest money is found to be inadequate the deficit amount will be recovered from the bounden and his properties movable and immovable in the manner hereinafter

contained.

3. All sums found due to the Government under or by virtue of this agreement shall be recoverable from the bounden and his properties movable and immovable under the provisions of the Revenue Recovery Act for the time being in force as though such sums are arrears of land revenue and in such other manner as the Government may deem fit.

In witness whereof Dr.................................., Principal, Govt. Medical College Thiruvananthapuram for and on behalf of the Governor of Kerala and Shri. ..................................... Bounden have hereunto set their hands the day and year shown against their respective signatures.

Date Date

Signed by Dr........................................... (For Govt) Signed by Sri........................................... (Bounden)

In the presence of witnesses:

1.......................................................(Signature and name) 1..........................................(Signature and name)

1.......................................................(Signature and name) 1..........................................(Signature and name)

-

-

-

-

-

-

-

-

-

-

-

-

–

–

–

–

–

–

## അനുബന്ധം 7

**ടെൻഡർ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട അവശ്യ ഡോക്യുമെന്റുകളുടെ ചെക്ക്‌ലിസ്റ്റ്**

| **ക്രമ നമ്പർ** | **പ്രമാണത്തിന്റെ പേര്** |
|---|---|
| 1 | അപേക്ഷകന്റെ ആധാർ കാർഡ് / GST റജിസ്ട്രേഷൻ പകർപ്പ് |
| 2 | അനുബന്ധം 4 – സത്യവാങ്മൂലം |
| 3 | അനുബന്ധം 5 - അപേക്ഷകന്റെ പ്രൊഫൈൽ |
| 4 | അനുബന്ധം 6 ഫോർമാറ്റിലുള്ള അപേക്ഷകൻ ഒപ്പിട്ട 200/- രൂപയുടെ മുദ്രക്കടലാസിലെ പ്രാഥമിക കരാറുടംപടി |

Signed by
Jabbar Puthiyaveettil Khadar
Date: 22-12-2025 16:36:33